**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **02-02-2023 - ൽ മറുപടിയ്ക്ക്**

**'കില' നിർവ്വഹണ ഏജൻസിയായ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഫണ്ട് അനുവദിച്ച സ്കൂളുകളിൽ 'കില' നിർവ്വഹണ ഏജൻസിയായ സ്കൂളുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അരൂർ നിയോജക മണ്ഡലത്തിൽ KIIFB ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളിൽ, കില നിർവഹണ ഏജൻസിയായ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:<br>1.Govt. HS Thevarvattom (GED003-08)<br>2.Govt HSS Perumpalam (GED003-08)<br>3.Govt.LPS.Mattathilbhagam (GED003-08) |
| (ബി) | 'കില' നിർവ്വഹണ ഏജൻസിയായ പ്രസ്തുത നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | Govt. HS Thevarvattom, Govt HSS Perumpalam എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ മുൻപ് ടെണ്ടർ ചെയ്തിരുന്നെങ്കിലും, വിവിധ സാങ്കേതിക കാരണങ്ങളാൽ പദ്ധതി നീണ്ടു പോകുകയും കരാറുകാരൻ പ്രവർത്തി ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. തുടർന്ന് പുതുക്കിയ സാങ്കേതിക അനുമതിയ്ക്കായി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടി വന്നു. കൂടാതെ സോയിൽ റിപ്പോർട്ട് ലഭിക്കുന്നതിനും കാലതാമസം ഉണ്ടായി. ടി സാഹചര്യത്തിലാണ് നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസം ഉണ്ടായത്. നിലവിൽ ടി സ്കൂളുകളുടെ പുതുക്കിയ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ KILA സ്വീകരിച്ചു വരുന്നു. |
| (സി) | ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | പുതുക്കിയ സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ